മഹാത്മാഗാന്ധി സർവകലാശാല

സംഗ്രഹം

ജീവനക്കാര്യം - സർവകലാശാലയിലെ സിൻഡിക്കേറ്റ് അംഗങ്ങളുടെ സിറ്റിംഗ് ഫീസ്/ ദിനബത്ത/ യാത്രാബത്ത എന്നിവ വർദ്ധിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭരണവിഭാഗം എ3 സെക്ഷൻ

യു.ഒ.നം.4720/എ3/2/2017/ഭവി. തീയതി, 2 ആഗസ്റ്റ് 2017

---

പരാമർശം : 1) യു ഒ നം.2897/എ III/2/2012/ഭ വി തീയതി 12/06/2012.

2) 17/07/2017 തീയതിയിലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം.O.A.3/17.08.

**ഉത്തരവ്**

മേൽ പരാമർശം (1) പ്രകാരം സിൻഡിക്കേറ്റ് അംഗങ്ങളുടെ സിറ്റിംഗ് ഫീസ് രൂപ 500 ഉം, യാത്രാബത്ത രൂപ 9/- (ഒരു കി.മീ.) ന് ആയി ഉത്തരവായിരുന്നു.

പരാമർശം (2) പ്രകാരം 2017 ജൂലൈ 17 നു കൂടിയ സിൻഡിക്കേറ്റ് യോഗം കോഴിക്കോട് സർവകലാശാലയിൽ സിൻഡിക്കേറ്റ് അംഗങ്ങളുടെ ദിനബത്ത രൂപ 900/-വും കേരള സർവകലാശാലയിൽ സിറ്റിംഗ് ഫീസ്/ ദിനബത്ത തുക 750/- ഉം, കുറഞ്ഞ യാത്രാബത്തയായി രൂപ 250/- ഉം അനുവദിക്കുന്നത് പരിഗണിച്ചു. മഹാത്മാഗാന്ധി സർവകലാശാലയിൽ സിൻഡിക്കേറ്റ് അംഗങ്ങൾക്ക് കേരള സർവകലാശാലയിലെ നിരക്കിൽ സിറ്റിംഗ് ഫീസ്/ ദിനബത്ത, യാത്രാബത്ത എന്നിവ അനുവദിക്കുവാൻ തീരുമാനിച്ചു.

അതിൻ പ്രകാരം മഹാത്മാഗാന്ധി സർവകലാശാലയിൽ സിൻഡിക്കേറ്റ് അംഗങ്ങൾക്ക് സിറ്റിംഗ് ഫീസ്/ദിനബത്ത 500 രൂപയിൽ നിന്ന് 750 രൂപയായും കുറഞ്ഞ യാത്രാബത്തയായി 250/- രൂപയും സ്പെഷ്യൽ കൺവേയൻസ് അലവൻസ് കിലോമീറ്ററിന് 9 രൂപയായും നിജപ്പെടുത്തി ഉത്തരവാകുന്നു

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ശ്രീലത എൻ.

അസിസ്റ്റന്റ് രജിസ്ട്രാർ I (ഭവി.)

രജിസ്ട്രാർക്കു വേണ്ടി

പകർപ്പ് :

1) വി.സി., പി.വി.സി. എന്നിവരുടെ പേഴ്സണൽ സെക്രട്ടറിമാർ.
2) രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പേഴ്സണൽ അസിസ്റ്റന്റുമാർ.
3) എഡി ഡി/എസി സി.
4) ജെ.ഡി., കെ.എസ്.എ.ഡി./ എ.ആർ I/ഡി.ആർ. I/ജെ.ആർ. I(ഭ.വി.).
5) ജനറൽ കാഷ്/ഫിനാൻസ് I/V/ആഡിറ്റ് I.
6) റിക്കാർഡ്സ് സെക്ഷൻ/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/സി.എം.എസ്./ഐ.ക്യൂ.എ.സി..

ഫയൽ നമ്പർ :എഡി.എ3/2/302/2017/ഭ.വി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ